ഇ എസ് 2/88777/2007/ആവഡ

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി.29/07/2015

# നോട്ടീസ്

വിഷയം: ആവഡ- ക്ലാർക്കുമാരുടെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തൂന്നതിനായി ശ്രീ. രഞ്ചിത്ത് കുമാർ. ആർ സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ച്.

സൂചന:
1. ശ്രീ. രഞ്ചിത്ത് കുമാർ. ആർ ന്റെ തീയതി വയ്ക്കാത്ത അപേക്ഷ
2. GO.(Ms)No.12/1998/H&FWD Dt.15/01/1998
3. ഉത്തരവ് നമ്പർ എ2/12467/2008/ഡി.എം.ഒ. മഞ്ചേരി, തീയതി. 03/07/1998
4. ഉത്തരവ് നമ്പർ എ2/249/2013/ഡി.എം.ഒ. തിരുവനന്തപുരം, തീയതി. 29/09/2014
5. ഉത്തരവ് നമ്പർ ഇ എസ് 2/88777/2007/ആവഡ തീയതി.17/01/2009

ക്ലാർക്കുമാരുടെ 01/04/1997 മുതൽ 31/12/2002 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തൂന്നതിനായി തിരുവനന്തപുരം ഫോർട്ട് ആശുപത്രിയിലെ ക്ലാർക്ക് ശ്രീ. രഞ്ചിത്ത് കുമാർ. ആർ. സൂചന 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ശ്രീ. രഞ്ചിത്ത് കുമാർ. ആർ സൂചന 2 പ്രകാരമുള്ള സർക്കാർ ഉത്തരവിന്റേയും സൂചന 3 പ്രകാരമുള്ള തിരുവനന്തപുരം ഡി.എം.ഒ യുടെ നിയമന ഉത്തരവിന്റേയും അടിസ്ഥാനത്തിൽ ആശ്രിത നിയമനം മുഖേന 16/07/1998 ന് ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചു. 22/10/2012 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം സൂചന 4 പ്രകാരം പരിശീലനകാലം പൂർത്തിയാക്കുകയും ചെയ്തു. ടിയാൾ പട്ടികജാതി സമുദായത്തിൽ ഉൾപ്പെട്ടതിനാൽ വകുപ്പ്തലപരീക്ഷകളിൽ യോഗ്യതനേടുന്നതിൽ നിന്നും ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരേയും ടെസ്റ്റ് യോഗ്യത നേടിയിട്ടില്ല. എന്നിരുന്നാൽ തന്നെയും സൂചന 5 പ്രകാരമുള്ള ക്ലാർക്കുമാരുടെ 01/04/1997 മുതൽ 31/12/2002 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ 94 (എ) ആയി ഉൾപ്പെടുത്തുന്നതിന് തൽകാലികമായി തീരുമാനിച്ചിരിക്കുന്നു. വിശദവിവരം താഴെകൊടുക്കുന്നു.

| നമ്പർ | പേര് | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | നിലവിലെ റാങ്ക് നമ്പർ | പുതുതായി അനുവദിച്ച റാങ്ക് നമ്പർ | സീനിയോറിറ്റിക്ക്കണക്കാക്കിയ തീയതി |
|---|---|---|---|---|---|---|
| 1 | സഫീന.സി.ജെ | 15/05/1968 | 24/07/1998 | 94 | 94 | 03/07/1998 |
| 2 | രഞ്ജിത്ത് കുമാർ. ആർ | 15/03/1973 | 16/07/1998 | ഇല്ല | 94 A | 03/07/1998 |
| 3 | ലക്ഷ്മി. എൽ.എസ് | 05/05/1978 | 22/07/1998 | 95 | 95 | 03/07/1998 |

പ്രസ്തുത തീരുമാനത്തിനെതിരെ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അവ ടി നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം നേരിട്ടോ തപാൽ മാർഗ്ഗമോ ബന്ധപ്പെട്ട അധികാരികൾ മുഖേന ഈ ആഫീസിൽ എത്തിക്കേണ്ടതാണ്.

ഒപ്പ്
പി.വി.മനോജ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താക്കൾ.

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും.
2. ബന്ധപ്പെട്ട എല്ലാ സ്ഥാപന മേലധികാരികൾക്കും.
3. ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
4. ഇ.ഡി. സെക്ഷൻ.
5. ഫയൽ/ കരുതൽ ഫയൽ